വനിതാ കമ്മീഷന്റെ പ്രവർത്തനം

25 [963] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം വനിതാ കമ്മീഷനുകീഴിൽ എത്ര പരാതികൾ എത്തിയിട്ടുണ്ടെന്നും എത്ര പരാതികളിന്മേൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ടെന്നും എത്ര പരാതികൾ തീർപ്പ് കൽപ്പിക്കാനായി ബാക്കിയുണ്ടെന്നും അറിയിക്കാമോ ;

(ബി) വനിതാ കമ്മീഷന്റെ ചെയർമാനും അംഗങ്ങളും അധികാരമേറ്റത് മുതൽ 2006 ജനുവരി 31 വരെയുള്ള കാലയളവിൽ ഓണറേറിയം, യാത്രാപ്പടി, മറ്റ് അലവൻസുകൾ എന്നീ വകയിൽ എത്ര തുക കൈപ്പറ്റിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) വനിതാ കമ്മീഷൻ ആസ്ഥാനം പ്രവർത്തിക്കുന്ന കെട്ടിടത്തിന് മാസ വാടകയിനത്തിൽ എത്ര രൂപയാണ് നൽകുന്നത് ;

(ഡി) സ്വന്തം കെട്ടിടം പണിയാനുള്ള എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം വനിതാ കമ്മീഷനുകീഴിൽ 28193 പരാതികൾ കിട്ടിയിട്ടുണ്ട്. ഇതിൽ 21799 പരാതികളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. 6394 പരാതികൾ തീർപ്പ് കൽപ്പിക്കാനായി ബാക്കിയുണ്ട്.

(ബി) വനിതാ കമ്മീഷൻ ചെയർപേഴ്സനും അംഗങ്ങളും അധികാരമേറ്റത് മുതൽ 2006 ജനുവരി 31 വരെയുള്ള കാലയളവിൽ 20,95,592 രൂപ ഓണറേറിയവും 2005 ഫെബ്രുവരി വരെയുള്ള കാലയളവിൽ 8,70,689 രൂപ യാത്രാപ്പടിയും കൈപ്പറ്റിയിട്ടുണ്ട്.

(സി) 25,000 രൂപ മാസ വാടക നൽകി വരുന്നു.

(ഡി) തിരുവനന്തപുരത്ത് ശാസ്തമംഗലം വില്ലേജിൽ സർവ്വേ നമ്പർ 597, 598-ൽപ്പെട്ട 40 സെന്റ് സ്ഥലം കേരള വനിതാ കമ്മീഷന് സ്വന്തമായി കെട്ടിടം പണിയുന്നതിന് വേണ്ടി അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ഉത്തരവ് നടപ്പാക്കുന്നതിനെതിരെ ഹിന്ദു വനിതാ സംഘം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഡബ്ല്യു. പി. (സി) 29382/03 നമ്പർ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തതിനാൽ ഈ ഭൂമി ഇതുവരെ വനിതാ കമ്മീഷന് കൈമാറിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly